"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ പള്ളിയോടങ്ങളുടെ പരിപാലനത്തിന് ധനസഹായം നൽകാനുള്ള പ്രോജക്ടിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി)വകുപ്പ്**

സ.ഉ.(സാധാ) നം.332/2022/LSGD തീയതി,തിരുവനന്തപുരം, 15-02-2022

---

പരാമർശം:-

1. പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.12.2021 തീയ്യതിയിലെ കത്ത്.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2022 ലെ 4.36 നമ്പർ തീരുമാനം.

**ഉത്തരവ്**

ആറന്മുള ഉത്തൃട്ടാതി വള്ളം കളിയിൽ ജില്ലയിൽ നിന്നു നാല്പതോളം വള്ളങ്ങൾ പങ്കെടുക്കുന്നു. ഈ വള്ളങ്ങളുടെ പരിപാലനത്തിനായി ഓരോ വള്ളത്തിനും 10,000/- രൂപ വീതം നല്കാനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നത് സംബന്ധിച്ചുള്ള ജില്ലാ പഞ്ചായത്തിന്റെ ആവശ്യം പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം 1 പ്രകാരം സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും കമ്മിറ്റിയുടെ പരാമർശം (2 ) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈ വർഷം ധനസഹായം ലഭിച്ച പള്ളിയോടങ്ങൾ ഒഴിച്ച് മറ്റുള്ള പള്ളിയോടങ്ങൾക്ക് മാത്രമേ ധനസഹായം നൽകാവു എന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സെക്രട്ടറി, പത്തനംതിട്ട ജില്ലാ പഞ്ചായത്ത്.

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ ,വെബ് & ന്യൂ മീഡിയ(വിംഗ്), ഐ & പി.ആർ.ഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**
**Date: 22-02-2022 12:48:46**
സെക്ഷൻ ഓഫീസർ